Draft #2 of File 29607/CONTENT.MGMT SO/2019/VC SECTION Approved by ASSISTANT REGISTRAR I (ADMIN) on 26-Aug-2019 04:35 PM - Page 1



**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 29607/Content.Mgmt SO/2019/VC SECTION തീയതി: 26.08.2019

പ്രിയദർശിനി ഹിൽസ്

**പരിപത്രം**

വിഷയം:- ഉദ്യോഗസ്ഥ- ഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ) വകുപ്പ്- ഭരണഭാഷാ പുരസ്ക്കാരങ്ങൾ 2019- നൽകുന്നത് സംബന്ധിച്ച്

സൂചന :- 01.08.2019 തിയതിയിലെ ഉദ്യോഗസ്ഥ- ഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ) വകുപ്പിൽ നിന്നുള്ള ഔ.ഭാ.3/97/19/ഉ.ഭ.പ.വ നമ്പർ കത്ത്

ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനും ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികളുടെ ഭാഗമായി കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന ക്ലാസ് 1,2,3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ്/സ്റ്റെനോഗ്രാഫർമാർക്കും സംസ്ഥാനതല ഭരണ ഭാഷാസേവനപുരസ്ക്കാരങ്ങളും, എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരേയും പരിഗണിക്കുന്ന ഗ്രന്ഥരചനാ പുരസ്ക്കാരവും (സംസ്ഥാനതലം), ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജില്ലാതല ഭരണഭാഷാസേവനപുരസ്ക്കാരവും ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

2018 കലണ്ടർ വർഷം മലയാളത്തിൽ ചെയ്ത ജോലികളാണ് പുരസ്ക്കാരത്തിനായി പരിഗണിക്കുന്നത്. അപേക്ഷകൾ 2019 ആഗസ്റ്റ് 31- നകം സമർപ്പിക്കേണ്ടതാണ്. ഭരണഭാഷാപുരസ്ക്കാരങ്ങൾ (സംസ്ഥാനതലം) ഭരണഭാഷാഗ്രന്ഥരചനാ പുരസ്ക്കാരം എന്നിവയ്ക്കുള്ള അപേക്ഷകൾ സർക്കാരിനും, ജില്ലാതല ഭരണഭാഷാസേവന പുരസ്ക്കാരത്തിനുള്ള അപേക്ഷകൾ അതത് ജില്ലാ കളക്ടർമാർക്കുമാണ് സമർപ്പിക്കേണ്ടത്.

**പ്രേംകുമാർ ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

ഉള്ളടക്കം

ഉദ്യോഗസ്ഥ- ഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ) വകുപ്പ്- ഭരണഭാഷാ പുരസ്ക്കാരങ്ങൾ നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം